സർക്കാരിന്റെ കൈവശമുള്ള നിക്ഷിപ്ത വനഭൂമി

57 (1614) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ കൈവശം എത്ര ഹെക്ടർ പുറംപോക്ക് ഭൂമിയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ഹെക്ടർ ;

(ബി) സംസ്ഥാനത്ത് ഗവൺമെന്റിന്റെ പക്കൽ എത്ര ഹെക്ടർ നിക്ഷിപ്ത വനഭൂമിയുണ്ടായിരുന്നു ; ഇതിൽ എത്ര ഹെക്ടർ നിക്ഷിപ്ത വനഭൂമി പതിച്ചുകൊടുത്തു ; ബാക്കി എത്ര ഏക്കർ ഗവൺമെന്റിന്റെ പക്കലുണ്ട് ; കണ്ണൻദേവൻ കമ്പനിയുടെ കൈവശം ഉണ്ടായിരുന്ന ഭൂമി നിയമപ്രകാരം നാളിതുവരെ എത്രയേക്കർ ഭൂമി സംസ്ഥാന ഗവൺമെന്റിൽ നിക്ഷിപ്തമായി ;

(സി) ഇനി എത്ര ഏക്കർ ഭൂമി പ്രസ്തുത കമ്പനിയിൽ നിന്ന് ഏറ്റെടുക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) 1971-ലെ സ്വകാര്യ വനംനിക്ഷിപ്തമാക്കലും പതിച്ചു നൽകലും നിയമപ്രകാരം 193534.74 ഹെക്ടർ വനഭൂമി സർക്കാരിന്റെ കൈവശം ഉണ്ടായിരുന്നു. ഇതിൽ 4811.10 ഹെക്ടർ നിക്ഷിപ്തവനഭൂമി 639 കേസ്സുകളിലായി കോടതി ഉത്തരവിൻപ്രകാരം പതിച്ചു നൽകുകയുണ്ടായി. ബാക്കി 188723.64 ഹെക്ടർ നിക്ഷിപ്തവനഭൂമി സർക്കാരിന്റെ പക്കലുണ്ട്. കണ്ണൻദേവൻ കമ്പനിയുടെ പക്കലുണ്ടായിരുന്ന 127654.57 ഏക്കർ സ്ഥലത്തിൽ 57192.65 ഏക്കർ സ്ഥലം കമ്പനിയുടെ വിവിധ ആവശ്യങ്ങൾക്ക് നൽകിയ ശേഷമുള്ള 70522.12 ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുത്തു.

(സി) ഇനി ഏറ്റെടുക്കാൻ ഒന്നുമില്ല.

മലയോര താലൂക്ക് രൂപീകരിക്കാൻ നടപടി

58 (1615) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ താലൂക്കുകൾ രൂപീകരിക്കുവാൻ എന്തൊക്കെ മാനദണ്ഡങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ;

(ബി) ജനസംഖ്യകൊണ്ടും വിസ്തൃതി കൊണ്ടും ഏറ്റവും കൂടുതൽ പരിഗണിക്കേണ്ടുന്ന ഹോസ്ദുർഗ് താലൂക്ക് വിഭജിച്ച് മലയോര താലൂക്ക് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഒരു താലൂക്ക് രൂപീകരിക്കുവാൻ 600 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 4.5 മുതൽ 5 ലക്ഷം വരെ ജനസംഖ്യയും വേണം. ഇതുകൂടാതെ സാമൂഹികമായും ഭൂമിശാസ്ത്രപരവുമായ പിന്നോക്കാവസ്ഥ എന്നിവയും പരിഗണിക്കാറുണ്ട്.

(ബി) താലൂക്ക് പുനഃസംഘടന നടത്തുമ്പോൾ ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

ലീസ് തുക പുനർ നിർണ്ണയം

59 (1616) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഭൂമി മുൻപ് ലീസിൽ നൽകിയിരുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഇപ്പോൾ ലീസ് തുക പുനഃനിർണ്ണയം ചെയ്തു നൽകുകയുണ്ടായോ ; എങ്കിൽ അതിന്റെ വില നിശ്ചയിച്ചത് ഏത് മാനദണ്ഡ പ്രകാരമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്പോൾ പുനർനിർണ്ണയം ചെയ്തിട്ടുള്ള ലീസ് തുക വളരെ കൂടുതലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉവ്വ്. ഗ്രാമപ്രദേശങ്ങളിൽ 1964-ലെ കേരള ഭൂമി പതിവു ചട്ടങ്ങൾ പ്രകാരമുള്ള ജി.ഒ. (എം.എസ്) 1026/85/റവ. അനുസരിച്ചും, മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ ജി.ഒ. (പി) 566/95/റവ. തീയതി 13-11-1995 അനുസരിച്ചുമാണ്.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നു. നടപടിക്രമം പൂർത്തിയായിട്ടില്ല.

പിറവം കേന്ദ്രമായി പുതിയ താലൂക്ക് രൂപീകരണം

60 (1617) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം കേന്ദ്രമായി പുതിയ താലൂക്ക് രൂപീകരിക്കണം എന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) താലൂക്ക് പുനഃസംഘടനയെ സംബന്ധിച്ച് പഠിക്കാൻ നിയുക്തമായിരുന്ന കമ്മീഷനുകൾ പിറവത്ത് താലൂക്ക് രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly